**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1039** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ നിയോജകമണ്ഡലത്തിലെ മാപ്പിള ബേ ഹാർബർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ നിയോജകമണ്ഡലത്തിലെ മാപ്പിള ബേ ഹാർബറുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കണ്ണൂർ നിയോജക മണ്ഡലത്തിലെ മാപ്പിളബേ ഹാർബറുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. Dredging cum sale of Dredged spoil at Moplabay Fishery Harbour – 45% പ്രവൃത്തി പുരോഗമിക്കുന്നു.

2. Capital repairs & maintenance of existing structure – Moplabay Fishery Harbour – 2025-26 (നെറ്റ് മെൻഡിംഗ് ഷെഡ്, ക്യാന്റീൻ, പോലീസ് എയ്ഡ് പോസ്റ്റ്, വാർഫ് എന്നിവയുടെ അറ്റകുറ്റപ്പണികൾ) – സെലക്ഷൻ നോട്ടീസ് അയച്ചു.

3. മാപ്പിളബേ ഹാർബർ നവീകരണവും മൈതാനപ്പള്ളി ഭാഗത്തെ വികസനവും -

മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

4. Master Dredging - എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(ബി)** മാപ്പിള ബേയിൽ ഉപയോഗിക്കാതെ കിടക്കുന്ന കേടായ ഫൈബർ ബോട്ടുകളും വലകളും ഗുരുതരമായ മാലിന്യപ്രശ്നം സൃഷ്ടിക്കുന്നതിനാൽ ഇവ നീക്കം ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മാപ്പിള ബേ ഹാർബർ ബേസിനകത്തും പരിസരങ്ങളിലുമുള്ള ഉപയോഗശൂന്യമായതും തകർന്നതുമായ ഫൈബർ ബോട്ടുകൾ മാറ്റിയിട്ടുണ്ട്. ലൈസൻസുള്ള ഉപയോഗശൂന്യമായ ഫൈബർ ബോട്ടുകൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ട യാന ഉടമകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ഹാർബറിലെ മാലിന്യങ്ങൾ നീക്കംചെയ്യാൻ വിവിധ ഏജൻസികളെ ചുമതലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചെങ്കിലും, മാലിന്യങ്ങൾ ഏറ്റെടുത്ത് നീക്കം ചെയ്യാൻ ബന്ധപ്പെട്ട ഏജൻസികളൊന്നും തയ്യാറായിട്ടില്ല.

**സെക്ഷൻ ഓഫീസർ**